ഹരിച്ചുമാണ് നിർമ്മിച്ചത്. അതിനുപുറമെ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കടവും എടുത്തിട്ടുണ്ട്. കടമെടുത്ത തുകയ്ക്ക് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്. ഇന്ത്യയിൽ സംസ്ഥാന സർക്കാരിന്റെയും പൊതുജനങ്ങളുടേയും ഉടമസ്ഥതയിൽ സ്ഥാപിച്ച ആദ്യത്തെ വിമാനത്താവളമാണിത്. വിമാനത്താവളം വാണിജ്യപരമായ പ്രവർത്തനങ്ങളിലേയ്ക്കു കടന്നിട്ട് കുറച്ചു നാളുകളേ ആയിട്ടുള്ളൂ. ഇപ്പോഴത്തെ ശരാശരി വരുമാനം ഒരുമാസത്തിൽ 122 ലക്ഷം രൂപയാണ്. വിമാനത്താവളത്തിന്റെ പ്രവർത്തനശേഷിയുടെ 25% മാത്രമേ ഇപ്പോൾ ഉപയോഗിച്ചു കഴിഞ്ഞിട്ടുള്ളൂ. അതിൽനിന്നുമാണ് ഈ വരുമാനം. വിമാനത്താവളത്തിന്റെ ശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരികയാണ്. അതിന് അത്യാവശ്യമായി വേണ്ടത് ഈ വിമാനത്താവളത്തിന് അന്താരാഷ്ട്ര പദവി ലഭിക്കണമെന്നതാണ്. അതിനുള്ള ശ്രമം നടന്നുവരികയാണ്. കേന്ദ്ര സർക്കാരിന് ഇതുസംബന്ധിച്ച് കത്തെഴുതുകയും വ്യോമയാനമന്ത്രിയെ ഞാൻതന്നെ നേരിൽക്കണ്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിച്ച് കാലതാമസം കൂടാതെ തീരുമാനമെടുക്കാമെന്ന് ശ്രീമാൻ ശരത്‌യാദവ് സമ്മതിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തുനിന്നുമുള്ള എല്ലാ പാർലമെന്റ് അംഗങ്ങളോടും ഇതിനുവേണ്ടി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ അഭ്യർത്ഥിച്ചിട്ടുണ്ട്. അന്താരാഷ്ട്ര പദവി നേടിയെടുക്കാൻ കൂട്ടായ യത്നം ആവശ്യമാണ്. അതിന് എല്ലാവരുടേയും സഹായ സഹകരണങ്ങളുണ്ടാകണം. കൂടുതൽ വിമാന സർവ്വീസുകൾ നടത്തിയും ഹോട്ടൽ മുതലായ വാണിജ്യപരമായ മറ്റു സംരംഭങ്ങളിൽക്കൂടിയും വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ട്. പല വിദേശവിമാന കമ്പനികളും ഇവിടെനിന്നും സർവ്വീസ് നടത്താൻ താല്പര്യം അറിയിച്ചിട്ടുണ്ട്. വിമാനത്താവളത്തിന്റെ പ്രവർത്തനശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുമ്പോൾ ഇത് എല്ലാ ബാധ്യതകളും തീർത്ത് ലാഭകരമായി പ്രവർത്തിക്കുന്ന ഒരു വിമാനത്താവളമായി മാറുന്നതാണ്. വിമാനത്താവളം തുടങ്ങിയ ഉടനെതന്നെ അത് പൂർണ്ണശേഷിയിൽ പ്രവർത്തിക്കുന്ന വിമാനത്താവളമാക്കാൻ സാധ്യമല്ല. അതിന് കുറച്ച് സമയമെടുക്കും. അതിനാൽ വിമാനത്താവളത്തിന്റെ പ്രവർത്തനത്തിൽ പ്രതിസന്ധിയോ അടച്ചുപൂട്ടൽ ഭീഷണിയോ ഒന്നുംതന്നെ ഇപ്പോൾ നിലവിലില്ല. ഇപ്പോഴുള്ള പ്രശ്നങ്ങൾ പുതുതായി ആരംഭിച്ച നൂതനമായ ശ്രമത്തിന്റെ ആരംഭദശയിലുള്ള സ്വാഭാവികമായ പ്രശ്നങ്ങൾ മാത്രമാണ്. ഇതുപരിഹരിച്ച് നെടുമ്പാശ്ശേരി വിമാനത്താവളത്തെ രാജ്യത്തെ മികച്ച വിമാനത്താവളങ്ങളിലൊന്നായി പ്രവർത്തിക്കാനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി.ജെ. ജോയി</u> : സർ, മദ്രാസിൽ രണ്ടായിരം കോടി രൂപയുടെ ഒരു വലിയ വിമാനത്താവളം തുടങ്ങാൻ പോവുകയാണ്. നമ്മുടെ തിരുവനന്തപുരം വിമാനത്താവളമാണെങ്കിൽ അവിടെ സ്ഥലം ഇനിയെടുക്കേണ്ട, വികസിപ്പിക്കേണ്ട എന്നുള്ള നിലപാടുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നു. ഈ രീതിയിൽ നമ്മുടെ കേരളത്തിലെ വിമാനത്താവളങ്ങളൊക്കെ വല്ലാത്ത പ്രതിസന്ധിയെ നേരിടുമെന്നാണ് എനിക്കുതോന്നുന്നത്. ഇപ്പോൾ ഗവൺമെന്റിന് 51% ഷെയറുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, അതിനാവശ്യമായ തുക മുഴുവൻ കൊടുത്തിട്ടുണ്ടോ? കൊടുത്തില്ലായെങ്കിൽ അത് എന്നത്തേയ്ക്ക് കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഇപ്പോൾത്തന്നെ 51% ഷെയറുകാരും എഴുതിത്തന്നിട്ടുണ്ട്.

(2) മഹിളാ പ്രധാൻ ഏജന്റുമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ

<u>ശ്രീമതി ആർ. ലതാദേവി</u> : സർ, നമ്മുടെ സംസ്ഥാനത്തിലെ എണ്ണായിരത്തിൽപ്പരം വരുന്ന മഹിളാ പ്രധാൻ ഏജന്റുമാർ ദൈനംദിനം നേരിട്ടുകൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടിരിക്കുന്ന ഗൗരവതരമായ പ്രശ്നങ്ങളിലേയ്ക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. വീടുകൾതോറും കയറിയിറങ്ങി തേനീച്ചക്കുട്ടങ്ങളെ പ്പോലെ ചെറുതും വലുതുമായ നിക്ഷേപങ്ങൾ സമാഹരിച്ച് പലതുള്ളി പെരു വെള്ളം എന്ന ചൊല്ല് യാഥാർത്ഥ്യമാക്കിത്തീർക്കുകയും രാജ്യത്തിന്റെ സാമ്പ ത്തിക പുരോഗതിക്ക് മുതൽകൂട്ടുകയും ചെയ്തുകൊണ്ടിരിക്കുകയാണ് ഈ സഹോദരിമാർ. ഇവരെക്കുറിച്ച് പറയുകയാണെങ്കിൽ നമ്മുടെ ഈ സമൂഹ ത്തിലുള്ള ഓരോ വീടുകളിലുമുള്ള ആളുകളുമായിട്ട് വ്യക്തിപരമായി ദൈനം ദിന ബന്ധം പുലർത്തിക്കൊണ്ടിരിക്കുന്ന സ്ത്രീകളുടെ തെളിയായി നമുക്ക് അവരെ കാണാൻ സാധിക്കും. ഇവരുടെ കൂട്ടത്തിൽ ധാരാളം ലതമാർ കണ്ടേ യ്ക്കാം. എന്നാൽ ഇവർ ലതകൾ അല്ല. ഇവരെ സംബന്ധിച്ച് പറയുകയാണെ ങ്കിൽ കുടുംബങ്ങൾക്ക് ആശ്രയം കൊടുക്കുന്ന തേൻമാവുകളാണ്. മാത്രമല്ല മഹിളാപ്രധാൻ ഏജന്റുമാർ സമൂഹത്തിലും തേൻമാവുകളുടെ ഉത്തരവാദിത്വ മാണ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ദ്വിഭരണത്തിൻകീഴിൽ ഈ സഹോദരി മാർ നട്ടംതിരിയുകയാണ്. ഇതിനെക്കുറിച്ച് പറയുകയാണെങ്കിൽ ഇവർക്ക് അലവൻസ് സംസ്ഥാന ഗവൺമെന്റ് ഫിക്സ് ചെയ്തിട്ടുണ്ട്. ഈ അലവൻസു തന്നെ കിട്ടുന്നതിന് വളരെയധികം കാലതാമസം പല വികസന ബ്ലോക്കുക ളിലും ഉണ്ടാകുന്നുണ്ട്. 15 വർഷം മുമ്പ് നിശ്ചയിച്ചിട്ടുള്ള അലവൻസാണ് ഈ സഹോദരിമാർക്ക് ഇന്നും കിട്ടിക്കൊണ്ടിരിക്കുന്നത്. ഈ അലവൻസ് അടിയ ന്തിരമായി വർദ്ധിപ്പിക്കുന്നതിനും, അത് കിട്ടുന്നതിലുള്ള കാലതാമസമൊഴിവാ ക്കുന്നതിനും സംസ്ഥാന ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാ യിട്ടുണ്ട്. അതുപോലെതന്നെ ഇവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന കമ്മീഷൻ പരി മിതമാണ്. സെൻട്രൽ ഗവൺമെന്റാണ് കമ്മീഷൻ കൊടുക്കുന്നത്. ആ കമ്മീ ഷൻ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺ മെന്റിൽ ആവശ്യമായിട്ടുള്ള സമ്മർദ്ദം ചെലുത്തേണ്ടതായിട്ടുണ്ട്. മഹിളാ പ്രധാൻ ഏജന്റുമാർ വളരെ സ്തുത്യർഹമായ നിലയിൽ പ്രവർത്തിച്ചുകൊണ്ടി രിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഗ്രാജ്വേഷൻ, പോസ്റ്റ് ഗ്രാജ്വേഷൻ, പ്രൊഫഷണൽ ഡിഗ്രിയുള്ള സ്ത്രീകൾവരെ മഹിളാ പ്രധാൻ ഏജന്റുമാരായി പ്രവർത്തിക്കുന്നു. അവരുടെ നിത്യജീവിതവൃത്തിക്കുവേണ്ടിയാണ്. അങ്ങനെ യിരിക്കെ അവർക്ക് കിട്ടുന്ന അലവൻസിന് ഒന്നും ഒന്നരയും വർഷമൊക്കെ കാലതാമസമുണ്ടാകുന്നു. അവരുടേതല്ലാത്ത കുറ്റംകൊണ്ട് അലവൻസ് കിട്ടുന്നതിന് വളരെയധികം കാലതാമസം കേന്ദ്ര ഗവൺമെന്റ് വരുത്തിക്കൊ ണ്ടിരിക്കുകയാണ്. ഒന്നും ഒന്നരയും വർഷമൊക്കെ കഴിഞ്ഞാണ് ഈ സഹോ ദരിമാർക്ക് അവരുടെ സേവനത്തിന് പ്രതിഫലമായി ലഭിക്കേണ്ട കമ്മിഷൻ കിട്ടിക്കൊണ്ടിരിക്കുന്നത്. അതുപോലെ പോസ്റ്റാഫീസുമായി ബന്ധപ്പെട്ട നിര വധി പ്രശ്നങ്ങൾ ഈ ഏജന്റുമാർ നേരിട്ടുകൊണ്ടിരിക്കുകയാണ്. പോസ്റ്റ് ഓഫീസുകളിൽ പണം അടയ്ക്കുന്നതിനുവേണ്ടി ഏജന്റുമാർ ചെല്ലുന്ന അവ സരത്തിൽ പല പോസ്റ്റാഫീസുകളിലും ഇവരോടുള്ള സമീപനം വളരെ അവ ഗണനയോടുകൂടിയതാണ്. നേരം വെളുക്കുമ്പോൾ മുതൽ വീടുകൾ കയറിയി റങ്ങി അവിടെനിന്നും സമാഹരിച്ച തുകയുമായിട്ട് ഈ സഹോദരിമാർ പോസ്റ്റ് ഓഫീസുകളിൽ കാത്ത് നിൽക്കേണ്ട അവസ്ഥയാണുള്ളത്. അതെല്ലാം കഴിഞ്ഞ് ഇവർ 25-ാം തീയതി കഴിഞ്ഞ് തുകയടയ്ക്കാൻ പോസ്റ്റ്ഓഫീസിൽ കൊണ്ടുപോയാൽ കേരളത്തിൽ പൈസ സ്വീകരിക്കുകയില്ല. ഓരോ വീട്ടിലും പലപ്രാവശ്യം കയറിയിറങ്ങിയിട്ടാണ് വീട്ടമ്മമാരും സാധാരണക്കാരനും ഇവർക്ക് പ്രതിമാസ ഗഡു കൊടുക്കുന്നത്. ഈ പ്രതിമാസ ഗഡുക്കൾ വാങ്ങി പോസ്റ്റ് ഓഫീസിൽ അടയ്ക്കാൻ ചെല്ലുമ്പോൾ പൈസ അവിടെ എടുക്കുക യില്ല. ഈ പൈസ അടയ്ക്കാതെ അവരുടെ കൈവശംവെച്ച് പിറ്റേ മാസം അടയ്ക്കാൻ പറ്റുകയില്ല. പിഴ കൊടുക്കേണ്ടി വരും. ഈ പ്രശ്നവും സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് പരിഹരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. എപ്പോൾ കാശ് കൊണ്ടു ചെന്നാലും മഹിളാ പ്രധാൻ ഏജന്റുമാരുടെ കൈയ്യിൽനിന്നും ആ പണം സ്വീകരിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക കൗണ്ടർ പോസ്റ്റ് ഓഫീസുകളിൽ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന്, കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം. അതുപോലെതന്നെ അവർക്കാവശ്യമായ ഫോമുകൾ അവരുടെ കൈയിൽ നിന്നും കാശുമുടക്കി അടിപ്പിക്കേണ്ട അവസ്ഥയാണുള്ളത്. ഈ സഭയിൽ ആരും ഇതുവരെ പറഞ്ഞിട്ടില്ലാത്ത പ്രത്യേകവിഭാഗം സ്ത്രീകളുടെ പ്രശ്നമാണ് ഇത്. ഈ ഫോമുകളുടെ കാര്യത്തിൽ മഹിളാ പ്രധാൻ ഏജന്റുമാർക്ക് അവരുണ്ടാക്കുന്ന സമ്പാദ്യത്തിൽ നിന്നല്ലാതെ ഈ ഫോം ഗവൺമെന്റ് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇവരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നില്ല എന്നതുപോയിട്ട് ഇവർക്കുണ്ടായിരുന്ന സൗകര്യങ്ങൾകൂടി നിഷേധിക്കുന്ന ഒരു നിലപാടിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് പൊയ്ക്കൊണ്ടിരിക്കുകയാണ്. ദേശീയ സമ്പാദ്യ പദ്ധതിയിൽ അംഗങ്ങളായവർക്ക് ഒരു വർഷത്തിനുശേഷം അക്കൗണ്ട് premature closure- നടത്തുന്നതിനുവേണ്ടിയുള്ള അനുവാദമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ മൂന്നുവർഷമായി മാറ്റിയിരിക്കുകയാണ്. അതുപോലെതന്നെ 11 തവണ കുടിശ്ശിക വരുത്തുന്നവർക്ക് ഈ കുടിശ്ശിക പൂർണ്ണമായി അടച്ചുകഴിഞ്ഞാൽ അവരുടെ അംഗത്വം ഏജന്റുമാർ എന്നുള്ള നിലയ്ക്ക് തുടരുന്നതിനുള്ള അനുമതിയുണ്ടായിരുന്നത് ഇപ്പോൾ ഏകപക്ഷീയമായി അഞ്ച് തവണയാക്കി കുറച്ചിരിക്കുകയാണ്. ഇവരെ നിയമിക്കുന്നതിനുവേണ്ടി പ്രത്യേകമായി യാതൊരു മാനദണ്ഡവുമില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് പ്രത്യേകിച്ച് അഭ്യർത്ഥിക്കാനുള്ളത് ഇങ്ങനെ ആവശ്യത്തിനും അനാവശ്യത്തിനും ഏജന്റുമാരെ സൃഷ്ടിക്കുന്ന ഇപ്പോഴത്തെ പ്രവണത അടിയന്തിരമായി അവസാനിപ്പിച്ച് മഹിളാ പ്രധാൻ ഏജന്റുമാരെ നിയമിക്കുന്നതിന് ഒരു നിശ്ചിതമായ മാനദണ്ഡമുണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകണം. അതുപോലെതന്നെ സംസ്ഥാന ഗവൺമെന്റ് സർവ്വീസുകളിലേക്ക് തെരഞ്ഞെടുപ്പ് നടക്കുന്ന അവസരത്തിൽ എട്ട് വർഷം പൂർത്തിയായ മഹിളാ പ്രധാൻ ഏജന്റുമാർക്ക് ഗ്രേസ് മാർക്ക് കൊടുക്കുന്ന കാര്യം സംസ്ഥാന ഗവൺമെന്റ് ആലോചിക്കണം. അതുപോലെ അവർ വീടുകൾതോറും കയറിയിറങ്ങി നടന്ന് എത്രയെങ്കിലും ചെരുപ്പുകൾ തേയുകയാണ്. അതുകൊണ്ട് ഇവർക്ക് ചെരുപ്പ് വാങ്ങുന്നതിനുള്ള അലവൻസും മെഡിക്കൽ അലവൻസും കൊടുക്കണം. സംസ്ഥാന ഗവൺമെന്റിനെക്കുറിച്ച് പറയുന്നവസരത്തിൽ എനിക്ക് ബഹുമാനമുണ്ട് മഹിളാ പ്രധാൻ ഏജന്റുമാർ എന്നുപറയുന്ന വിഭാഗം നമ്മുടെ കേരളത്തിലുണ്ടെന്നും, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണെന്നും കണ്ടുകൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശിവദാസമേനോൻ അവർകൾ മുൻകൈയെടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി മഹിളാ പ്രധാൻ ഏജന്റുമാർക്ക് പെൻഷൻ പദ്ധതി പ്രഖ്യാപിച്ചു. അത് വളരെ സ്വാഗതാർഹമാണ്. എന്നാൽ എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത് ആ പ്രഖ്യാപനാനന്തരമുള്ള നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ചുകൊണ്ട് പെൻഷൻ പദ്ധതി പ്രാവർത്തികമാക്കണം. ഈ നൂറ്റാണ്ടിൽ മഹിളാ പ്രധാൻ ഏജന്റുമാർക്ക് അതിന്റെ പ്രയോജനം ലഭിക്കുന്ന തരത്തിൽ പദ്ധതി പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അതിന് മഹിളാ പ്രധാൻ ഏജന്റുമാരുടെ സംഘടനകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പെൻഷൻ ബോർഡ് രൂപീകരിക്കണം. ഇവർക്ക് ആശ്രിതനിയമനമടക്കമുള്ളവ വ്യവസ്ഥ ചെയ്തുകൊണ്ട് സമഗ്രമായ ഒരു പെൻഷൻ പദ്ധതിയായിരിക്കണം സംസ്ഥാന ഗവൺമെന്റ് രൂപീകരിക്കേണ്ടത്. ഇവർക്ക് ക്ഷേമനിധി ഉണ്ട്, എന്നാൽ ആ ക്ഷേമനിധിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനം വളരെ പരിമിതമാണ്. അതുകൊണ്ട് അടിയന്തിരമായി സംഘടനാ പ്രതിനിധികളെകൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ക്ഷേമനിധി ബോർഡുണ്ടാക്കണം. ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന ക്ഷേമനിധി ആനുകൂല്യങ്ങൾ പരിമിതമാണെന്നുള്ളതുകൊണ്ട് ഇവർ മരിക്കുന്ന അവസരത്തിൽ അവരുടെ ആശ്രിതർക്ക്, അവരുടെ കുടുംബാംഗങ്ങൾക്ക് എന്തെങ്കിലും ആശ്വാസം ലഭിക്കുന്നതിനടക്കം പ്രയോജനകരമായിട്ടുള്ള ഒരു ക്ഷേമനിധി അടിയന്തിരമായി ഉണ്ടാക്കണം. അതുപോലെതന്നെ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും ബന്ധപ്പെട്ട് പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളാണെന്നുള്ളതുകൊണ്ടുതന്നെ ഈ സംസ്ഥാനതലത്തിൽ ദേശീയസമ്പാദ്യ പദ്ധതി, അതുപോലെതന്നെ സംസ്ഥാനഗവൺമെന്റ്, തപാൽ വകുപ്പ്, ഏജന്റുമാരുടെ സംഘടനകൾ ഇവരെല്ലാപേരുംകൂടി ഉൾപ്പെടുന്ന ഒരു സംസ്ഥാനതല കമ്മിറ്റി കാലാകാലങ്ങളിൽ മഹിളാ പ്രധാൻ ഏജന്റുമാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവ പരിഹരിക്കുന്നതിന് സഹായകരമായിട്ടുള്ള നിലയ്ക്കും രൂപീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് മുൻകൈ എടുക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. കേരള മഹിളാ പ്രധാൻ ഏജന്റ്സ് ആന്റ് എസ്.എ.എസ്. യൂണിയൻ (എ.ഐ.ടി.യു.സി.) ഈ മാസം 28-ാം തീയതി സെക്രട്ടേറിയറ്റിന് മുമ്പിൽ കൂട്ടധർണ്ണ നടത്താൻ പോകുകയാണ്. അവരെ സമരത്തിന്റെ പാതയിലേയ്ക്ക് നയിക്കാതെ, അവർക്കനുകൂലമായിട്ടുള്ള നടപടികൾ സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്നും വളരെ വേഗം പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 8000-ത്തിലധികം വരുന്ന മഹിളാ പ്രധാൻ ഏജന്റുമാരുണ്ട്. അവർ സ്വയംതൊഴിൽ കണ്ടെത്തി ആസൂത്രണത്തിനുവേണ്ടിയുള്ള സമ്പത്ത് സമാഹരിക്കുന്നതിനുവേണ്ടിയുള്ള നാഷണൽ സേവിംഗ്സ് സ്കീമിൽ അഹോരാത്രം പ്രവർത്തിക്കുന്നവരാണ്. ഇത് വളരെ ഗൗരവമായി കണ്ടതുകൊണ്ടാണ് ഇവരുടെ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത്. ഇക്കാര്യത്തിൽ അപ്പുറത്തും ഇപ്പുറത്തുമുള്ളവർക്ക് അഭിപ്രായവ്യത്യാസമില്ല. മിനിഞ്ഞാന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീമതി റോസമ്മ ചാക്കോയും ഈ വിഭാഗം ആളുകളുടെ സങ്കടങ്ങളും അവരുടെ അലവൻസിന്റെ കാര്യമൊക്കെ പറയുകയുണ്ടായി. അപ്പോൾതന്നെ ഞാൻ ഓർഡർ കൊടുത്തു. ഓർഡേഴ്സ് ആൾറെഡി ഇഷ്യൂഡ്. അതുപോലെ ശ്രീമതി ആർ. ലതാദേവിയും ശ്രീമതി ഗിരിജാ സുരേന്ദ്രനുമൊക്കെ ഇക്കാര്യത്തിൽ നിവേദനങ്ങൾ തന്നിട്ടുണ്ട്. മിനിഞ്ഞാന്നാണ് ഞാൻ ശ്രീമതി റോസമ്മ ചാക്കോയുടെ നിവേദനത്തിലാണ് ഓർഡർ ഇട്ടത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളെ സംബന്ധിച്ച് എടുക്കുന്ന നടപടികളെന്താണെന്ന് ചുരുക്കി ക്ലിയർ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ആദ്യമായി പെൻഷൻ സ്കീമിനെക്കുറിച്ച് പറയാം. ബഡ്ജറ്റ് പ്രസംഗത്തിൽ മഹിളാ പ്രധാൻ ഏജന്റുമാരുടെ പെൻഷൻ സ്കീമിനെ സംബന്ധിച്ച് ഈ സഭയിൽ പ്രഖ്യാപിച്ചതാണ്. 'ഗവൺമെന്റ് ഈസ് കമ്മിറ്റഡ്'. അതുകൊണ്ട് പെൻഷൻ സ്കീമിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചു. സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ആ റിപ്പോർട്ടിനു മുകളിൽ ഗവൺമെന്റ് തീരുമാനമെടുത്തു. ഇനി ജി.ഒ. ഇറങ്ങണമെന്നേയുള്ളൂ. താമസംവിനാ പെൻഷൻ സ്കീം പ്രഖ്യാപിക്കുന്ന ജി.ഒ. വരും. സേവനകാലം, പെൻഷൻ പ്രായം, ആശ്രിതർക്ക് പെൻഷൻ എന്നിവയാണ് ആ സ്കീമിൽ വരുന്നത്. പെൻഷൻ ഫണ്ട് രൂപീകരണത്തെ സംബന്ധിച്ചും ആ സ്കീമിൽ പറയുന്നുണ്ട്. ഇപ്പോൾ കിട്ടിയിട്ടുള്ള പെൻഷൻ സ്കീം വച്ച് ജി.ഒ. ഇറക്കിയിട്ടുണ്ട്. ആ ജി.ഒ.യിൽ അപാകതകൾ വല്ലതുമുണ്ടെങ്കിൽ നമുക്ക് ചർച്ചചെയ്യാം. ചർച്ച ചെയ്ത് അത് കുറച്ചുകൂടി നന്നാക്കാനുള്ള ഏത് നിർദ്ദേശങ്ങളും ഗവൺമെന്റിന് സ്വീകാര്യമാണ്. പക്ഷെ ചർച്ച അനുസ്യൂതം പോയിട്ട് കാര്യമില്ല.

[10 A.M]

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ സ്കീം വന്നിട്ട് അത് നന്നാക്കിത്തീർക്കാൻ ബഹുമാനപ്പെട്ട അംഗങ്ങളിൽനിന്നും പുറത്തുനിന്നും അവരുടെ സംഘടനകളിൽനിന്നും നിർദ്ദേശങ്ങൾ കിട്ടുകയാണെങ്കിൽ അത് വളരെ സന്തോഷത്തോടുകൂടി സ്വീകരിക്കുന്നതിനും അതിനനുസരിച്ച് ഭേദഗതികൾ വരുത്തുന്നതിനും ഗവൺമെന്റ് എപ്പോഴും തയ്യാറാണ്. അതിന് ഒരു ഓപ്പൺ മൈൻഡ് ഗവൺമെന്റിനുണ്ട്. അടുത്തതായി ക്ഷേമനിധിയുടെ കാര്യം. 1991-ലാണ് ക്ഷേമനിധി ഏർപ്പെടുത്തിയത്. കുറ്റമറ്റ രീതിലാണ് ക്ഷേമനിധി നടപ്പിലാക്കി ആനുകൂല്യങ്ങൾ നൽകിവരുന്നത്. ദേശീയ സമ്പാദ്യ പദ്ധതിയുടെ ഡയറക്ടറാണ് ഇപ്പോൾ ക്ഷേമനിധിയുടെ അഡ്മിനിസ്ട്രേറ്റർ. ഇതിനായി ഒരു ക്ഷേമനിധി ബോർഡ് ഉണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെടുകയുണ്ടായി. ഇപ്പോൾ അത് ഗവൺമെന്റിന്റെ അജണ്ടയിലില്ല. അതിനെ സംബന്ധിച്ച് ഗവൺമെന്റ് ചിന്തിച്ചിട്ടില്ല. ഡയറക്ടർ അഡ്മിനിസ്ട്രേറ്ററായിട്ടുള്ള ബോർഡിന്റെ പ്രവർത്തനത്തിൽ വൈകല്യങ്ങളൊന്നും കാണുന്നില്ല. വൈകല്യങ്ങൾ ഉണ്ടെങ്കിൽ, നിശ്ചയമായും ബോർഡാണ് ഹെൽപ്ഫുൾ എന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടാൽ ബോർഡ് ഉണ്ടാക്കുകയില്ല എന്നുള്ള പിടിവാശി ഗവൺമെന്റിനില്ല. ചോറായാലും ഊണായാലും വയർ നിറക്കണം. ബോർഡായാലും വേണ്ടില്ല. അഡ്മിനിസ്ട്രേറ്ററായാലും വേണ്ടില്ല, ക്ഷേമനിധി ഫലപ്രദമായി നടപ്പിലാക്കണം. ദേശീയ സമ്പാദ്യ ഏജൻസിയുടെ പ്രവർത്തനം സ്വയംതൊഴിലാണെന്ന് ഞാൻ പറയുകയുണ്ടായി. 1980-ലെ ഗവൺമെന്റാണ് കേന്ദ്ര ഗവൺമെന്റ് നൽകുന്നതിനുപുറമെ പ്രത്യേക പ്രോത്സാഹന അലവൻസുകൂടി വച്ചത്. 1980-ൽ ശ്രീ. ആര്യാടൻ മുഹമ്മദായിരിക്കും ലേബർ മിനിസ്റ്റർ എന്നാണ് എനിക്ക് തോന്നുന്നത്. ഇതൊരു ക്ഷേമപ്രവർത്തനമായതുകൊണ്ട് 1980-ലെ ഗവൺമെന്റാണ് ഈ പുതിയ ആനുകൂല്യം അനുവദിച്ചത്. അത് എന്താണെന്നു വച്ചാൽ, കേന്ദ്ര സർക്കാർ നൽകുന്ന കമ്മിഷനു പുറമെ പ്രത്യേക പ്രോത്സാഹന അലവൻസ് അന്നുമുതൽ കൊടുത്തുവരികയാണ്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറും ബി.ഡി.ഒ. യുമാണ് ഏജന്റുമാരെ നിയമിക്കുന്നത്. അതിൽ നോൺ ഒഫിഷ്യൽസും മറ്റാരുമില്ല. അതിൽ അപാകതകൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ യുക്തമായ നടപടിയെടുക്കാൻ ഗവൺമെന്റിന് മടിയില്ല. അപാകതകൾ വന്നിട്ടുണ്ടെങ്കിൽ കറക്ട് ചെയ്യാം. പാളിച്ചകൾ ആർക്കും വരും. തെറ്റ് പറ്റാത്ത ആളുകൾ ജീവിക്കുന്നില്ലാ എന്നാണ് അർത്ഥം. ജീവിക്കുന്നുണ്ടെങ്കിൽ തെറ്റ് പറ്റും. കാരണം മരിച്ചാൽ മൃതശരീരമാകും. ഗർഭസ്ഥ ശിശു പോയിട്ട് മറ്റെല്ലാ പേർക്കും തെറ്റ് പറ്റും. ചിലപ്പോൾ കളക്ടർമാർക്ക് ചില തെറ്റുകൾ പറ്റാം. അത് തിരുത്താവുന്നതേയുള്ളൂ. അതുപോലെ മഹിളാ പ്രധാൻ ഏജന്റുമാർക്ക് കേന്ദ്ര സർക്കാരിൽനിന്നുള്ള കമ്മീഷനും സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹന അലവൻസും ലഭിക്കുന്നുണ്ട്. കമ്മീഷന്റെ തോത് നിക്ഷേപിക്കുന്നതിനനുസരിച്ച് 4% മുതൽ 5% വരെയാണ്. പ്രതിമാസ അലവൻസ് 2.5% മുതൽ 4% വരെ. സംസ്ഥാനത്തെ ഒരു മഹിളാ പ്രധാൻ ഏജന്റിന്റെ ഒരു മാസത്തെ ശരാശരി വരുമാനം 5000 രൂപയാണ്. 5000 രൂപ ഇപ്പോൾ വലുതൊന്നുമല്ല. ഇപ്പോഴത്തെ പേ-റിവിഷൻ വന്നതുനോക്കിയാൽ 5000 രൂപയെന്നു പറയുന്നത് വലുതൊന്നുമല്ല. ചിലപ്പോൾ ലാസ്റ്റ് ഗ്രേഡ് സെർവന്റിനു വരെ അത്രയും ഉണ്ടാകും. അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണിച്ചിട്ടില്ല. കമ്മീഷൻ വർദ്ധിപ്പിക്കണമെങ്കിൽ അത് പരിഗണിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ഇത് പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് സമ്മർദ്ദം ചെലുത്തണമെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറയുകയുണ്ടായി. നിശ്ചയമായും ഗവൺമെന്റ് അതിന് ഒരുക്കമാണ്. ഇപ്പോൾ കേന്ദ്ര സർക്കാർ ഒരു അപകടം ചെയ്തിട്ടുണ്ട്. ഏറ്റവുമധികം ആകർഷകമായ ഇന്ദിരാ വികാസ് പത്രയെന്ന ദേശീയ സമ്പാദ്യ പദ്ധതി വേണ്ടെന്ന് വച്ചിരിക്കുകയാണ്. ശ്രീമതി ഇന്ദിരാഗാന്ധിയുടെ പേരിട്ടതുകൊണ്ടാണെങ്കിൽ മറ്റേതെങ്കിലും പേരിൽ ഇത്

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ധനകാര്യമന്ത്രിയും പ്രധാനമന്ത്രിയും കത്തെഴുതിയിട്ടുണ്ട്. ജെ.ആർ.വൈ. മാറ്റിയതുപോലെ മാറ്റിയതാണെങ്കിൽ പേരിൽ കുഴപ്പമില്ലായെന്നും ഈ പദ്ധതി അപകടത്തിലാക്കരുതെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. കാരണം കേരള ഗവൺമെന്റ് അതിന്റെ മുകളിലാണ് ഊന്നിനിൽക്കുന്നത്. ബംഗാൾ 2500 കോടി ഉറുപ്പികയാണ് അതിന്റെ പേരിൽ സമാഹരിച്ചിട്ടുള്ളത്. ഏകദേശം 75%. ഇവിടെ ആയിരം കോടി രൂപ കിട്ടും എന്നുള്ള നിലയ്ക്കാണ് വർക്ക് നടത്തിയത്. ഇന്ദിരാ വികാസ് പത്ര നിർത്ത ലാക്കിയപ്പോൾ അതിന്റെ ആകർഷകം തന്നെ പോയി. അത് നമ്മൾ മനസ്സിലാ ക്കണം. അത് നമ്മൾ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി മുഖ്യമന്ത്രിമാ രുടെ സമ്മേളനത്തിൽ ഇത് പുനഃസ്ഥാപിക്കണമെന്നു പറഞ്ഞ് ചീഫ് മിനിസ്റ്റർ ഒരു 10 മിനിട്ട് നേരം സംസാരിച്ചതാണ്. കേരളത്തിലെ പോസ്റ്റാഫീസുകളിൽ ദേശീയ സമ്പാദ്യ പ്രവർത്തനങ്ങൾ പൊതുവേ സുഗമമാണ്. ഇവിടത്തെ സാഹചര്യം തന്നെ നോക്കണം. പൊതുവിൽ സുഗമമാണെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. അത് ഒരു അപവാദമായി ചില പരാതികൾ ലഭിച്ചിട്ടുണ്ട്. ആ പരാതികൾ പരിഹരിക്കുന്നതിന് ചീഫ് പോസ്റ്റുമാസ്റ്റർ ജനറലുമായി ബന്ധ പ്പെട്ട് നടപടിയെടുത്തു കഴിഞ്ഞു. അദ്ദേഹം പറഞ്ഞു, അത് മുഴുവൻ അന്വേ ഷിച്ച് തിരുത്തണമെന്ന്. ഇപ്പോൾത്തന്നെ ചില പോസ്റ്റാഫീസുകളിൽ ഇതിനു വേണ്ടി പ്രത്യേക കൗണ്ടർ തുടങ്ങാൻ അദ്ദേഹം ഓർഡർ ചെയ്തുകഴിഞ്ഞു. പോസ്റ്റാഫീസിലെ അഞ്ചുവർഷ റിക്കറിംഗ് ഡെപ്പോസിന്റെ പ്രീ-മെച്വറിംഗ് കാലാവധി, മെച്വർ ആകുന്നതിനു മുമ്പ് എടുക്കാവുന്നത് ഒരു വർഷമായിരു ന്നു. എന്നാൽ കേന്ദ്ര സർക്കാർ ഇപ്പോൾ അത് 3 വർഷമായി വർദ്ധിപ്പിച്ചിരി ക്കുകയാണ്. അതിനെപ്പറ്റി ഒഫിഷ്യലായിട്ട് ഒരു രേഖയും കിട്ടിയിട്ടില്ല. പത്ര ത്തിൽ വായിച്ചതാണ്. കൂടുതൽ വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പ്രതികര ണങ്ങൾ ഞങ്ങൾ അറിയിക്കും. ഏജൻസി പ്രവർത്തകർക്ക് ആവശ്യമായ ഫോറങ്ങൾ ദേശീയസമ്പാദ്യ സംഘടനയും തപാൽ വകുപ്പുമാണ് വിതരണം ചെയ്യുന്നത്. റീജിയണൽ ഡയറക്ടറും സൂപ്പർവൈസ് ചെയ്യുന്നുണ്ട്. അവ യുടെ വിതരണം കാര്യക്ഷമമാക്കണമെന്ന് റിവ്യൂ മീറ്റിംഗിലൊക്കെ അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. പതിനായിരത്തോളം വരുന്ന, സ്വയംതൊഴിൽ കണ്ടെത്തി മാന്യമായി ജീവിക്കുന്ന, അഹോരാത്രം കഷ്ടപ്പെട്ട് ജീവിക്കുന്ന, അവർ ഒരു വീട്ടിൽ 10 തവണ പോകുന്നു. 'ബിവെയർ ഓഫ് ഡോഗ്സ്' ഒന്നും അവർക്ക് പ്രശ്നമല്ല. അങ്ങനെ കഷ്ടപ്പെടുന്ന ഒരു വിഭാഗമാണവർ. ആ വിഭാഗത്തോട് ഗവൺമെന്റ് അവർ അർഹിക്കുന്ന രീതിയിലുള്ള സമീപനം എടുക്കും. സഭ യുടെ അപ്പുറത്തും ഇപ്പുറത്തുമുള്ള എല്ലാ മെമ്പർമാരും ആ ആഗ്രഹം ഉള്ളവ രാണ്. അക്കാര്യത്തിൽ കക്ഷി രാഷ്ട്രീയ വ്യത്യാസമന്യേ അനുകൂലമായ ഒരു സമീപനം എടുത്തിട്ടുണ്ട്. അതുകൊണ്ട് ഞാൻ പറയുന്നത് നമുക്കിപ്പോൾ ആരായാലും വേണ്ടില്ല, പൂച്ച കറുത്തതായാലും വേണ്ടില്ല വെളുത്തതായാലും വേണ്ടില്ല എലിയെ പിടിക്കണം അത്രയേയുള്ളൂ. കാര്യങ്ങൾ നടക്കണം. ഈ പ്രശ്നത്തിൽ എല്ലാവരുടേയും സഹായസഹകരണവും പ്രോത്സാഹനവും ഉണ്ടാകുമെന്ന് എനിക്കറിയാം. ആ നിലയ്ക്കുതന്നെ ക്രിയാത്മകമായ രീതി യിൽ തന്നെ അവരുടെ പ്രശ്നങ്ങളോടുള്ള സമീപനം ഈ ഗവൺമെന്റ് കൈക്കൊള്ളും. ഇത്രയും പ്രധാനപ്പെട്ട പ്രശ്നം ഈ സഭയിൽ കൊണ്ടുവരു കയും അതിനെ സംബന്ധിച്ച് വിശദമായി പറയാൻ ഒരു അവസരം ഉണ്ടാക്കു കയും ചെയ്തതിന് ശ്രീമതി ലതാദേവിയോട് കൃതജ്ഞതയുണ്ട്.

<u>ശ്രീമതി ആർ. ലതാദേവി</u> : ഒരു ചെറിയ ചോദ്യം. ഇവരുടെ പ്രശ്ന ങ്ങൾ കാലാകാലങ്ങളിൽ സമയബന്ധിതമായി പരിഹരിക്കാൻ കഴിയുന്ന തര ത്തിൽ സംഘടനാപ്രതിനിധികളേയും തപാൽ വകുപ്പുദ്യോഗസ്ഥന്മാരെയും ബന്ധപ്പെട്ട സംസ്ഥാന, കേന്ദ്ര ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളേയും ഉൾപ്പെടു ത്തിക്കൊണ്ട് ഒരു സമിതി രൂപീകരിക്കാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ.)

ശ്രീ. ടി. ശിവദാസമേനോൻ : അവരുടെ സംഘടനാ പ്രതിനിധികളേയും സ്റ്റേറ്റ് ഗവൺമെന്റിന്റെ നാഷണൽ സേവിംഗ്സ് ഡയറക്ടറേയും അതുപോലെ കേന്ദ്ര ഗവൺമെന്റിലെ ഉദ്യോഗസ്ഥന്മാരേയും ഉൾപ്പെടുത്തി ഒരു കോ-ഓർഡിനേഷൻ, സ്റ്റാന്റിംഗ് കമ്മിറ്റിയാണ് അവർ ഉദ്ദേശിക്കുന്നതെന്ന് തോന്നുന്നു. അങ്ങനെയുള്ള ഒരു കമ്മിറ്റിയുടെ കാര്യം ഗവൺമെന്റ് പരിശോധിക്കാം. കാരണം സംഘടന എന്നു പറഞ്ഞാൽ കുറെയുണ്ട്. അപ്പോൾ പത്ത്, ആയിരം ആളുകൾ ഇരുന്ന് ചർച്ചചെയ്താൽ ഇത് നടക്കുകയില്ല. അതുകൊണ്ട് ആ കാര്യത്തിൽ ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമാണോയെന്ന് ഗവൺമെന്റ് പരിശോധിക്കട്ടെ. ആ നിർദ്ദേശം ബഹുമാനപ്പെട്ട മെമ്പർ വച്ചത് ഗവൺമെന്റ് ഗൗരവമായി പരിശോധനയ്ക്ക് വിധേയമാക്കും.

IV. സബ്മിഷൻ

(1) കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിലെ ഒഴിവുകളിൽ നിയമനം നടത്തേണ്ടത് സംബന്ധിച്ച്

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : കാസർകോഡ് ജില്ലയിൽ വിവിധ സർക്കാർ വകുപ്പുകളിലായി എണ്ണൂറോളം ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തതായി ഔദ്യോഗികമായി വിവരം ലഭിച്ചിട്ടുണ്ട്. ഈ തസ്തികകളിൽ നിയമനം നടത്താതെ ഇപ്പോഴും ഒഴിഞ്ഞുകിടക്കുകയാണ്. സർക്കാർ ഓഫീസുകളിൽ ആവശ്യമായ ജീവനക്കാർ ഇല്ലാതെ ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നടപടിയുണ്ടാകാൻ വലിയ കാലതാമസം നേരിടുകയാണ്. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഈ എണ്ണൂറോളം ഒഴിവുകളിൽ നിയമനം നടത്താൻ സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, സർക്കാർ സർവ്വീസിൽ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ വകുപ്പിലും ഓരോ വർഷവും ഉണ്ടായേക്കാവുന്ന ഒഴിവുകൾ മുൻകൂട്ടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്നും റാങ്ക് ലിസ്റ്റ് നിലവിലുള്ള പ്രസ്തുത ലിസ്റ്റിൽ നിന്നും മാത്രമേ നിയമനം നടത്താവൂ എന്നും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല മൂന്നു മാസത്തിൽ കൂടുതൽ കാലം നിലനിൽക്കുന്ന ഒഴിവുകൾ പി.എസ്.സി.യിൽ റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലെങ്കിൽപ്പോലും കർശനമായും റിപ്പോർട്ട് ചെയ്തിരിക്കണം. ഈ നിർദ്ദേശം പാലിക്കാത്ത നിയമനാധികാരികൾക്കെതിരെ കൈക്കൊള്ളുന്ന നടപടികൾ അറിയിക്കാൻ വകുപ്പ് സെക്രട്ടറിമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) മംഗലംഡാം-കിഴക്കഞ്ചേരി 1,2 വില്ലേജുകളിലെ കർഷകർക്ക് പട്ടയം നൽകണമെന്ന ആവശ്യം

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, എന്റെ മണ്ഡലത്തിലെ മംഗലംഡാം-കിഴക്കഞ്ചേരി- 1. കിഴക്കഞ്ചേരി- 2 എന്നീ വില്ലേജുകളിലായി ഏതാണ്ട് രണ്ടായിരത്തോളം വരുന്ന മലയോര കർഷകർക്ക് പട്ടയം ലഭിക്കണം എന്നതാണ് ആവശ്യം. 1/1 (എ), 563/3 എന്നീ സർവ്വേ നമ്പറുകളിലായി ഏതാണ്ട് ആറായിരത്തിലധികം ഏക്കർ ഭൂമിക്കാണ് പട്ടയം ലഭിക്കേണ്ടത്. 40 ഉം 50 ഉം വർഷ

LIBRARY ARCHIVES Kerala Legislative Assembly